വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ മുഖാന്തിരം കിറ്റ്കോ-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. വരുന്ന ആഗസ്റ്റ് 10-നകം ഡി.പി.ആർ. പൂർത്തിയാക്കാൻ കിറ്റ്കോ-യ്ക്ക് നിർദ്ദേശവും നൽകിയിട്ടുണ്ട്. ഡി.പി.ആർ. ലഭ്യമാകുന്നമുറയ്ക്ക് മേൽപ്പാലം നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി നൽകി മുന്നോട്ടുപോകുന്നതാണ്. അതോടൊപ്പംതന്നെ മുട്ടുചിറ-കല്ലറ റോഡിൽ റെയിൽവേ മേൽപ്പാലം നിർമ്മിക്കുന്നതിനുള്ള സാധ്യതാപഠനം അങ്ങയുടെ ആവശ്യപ്രകാരം ഉടനെ ആരംഭിക്കുന്നതാണ്.

19. റോഡ് ഗതാഗത യോഗ്യമാക്കലും പാലത്തിന്റെ പ്രവൃത്തി പൂർത്തീകരിക്കലും

<u>ശ്രീ. ഇ. കെ. വിജയൻ</u> : സർ, എന്റെ മണ്ഡലത്തിലെ പൊയ്യമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട റോഡിന്റെയും പാലത്തിന്റെയും വിഷയമാണ് ഈ സബ്മിഷനിലൂടെ ഞാൻ ഉന്നയിക്കുന്നത്. പ്രസ്തുത വിഷയങ്ങൾ സബ്മിഷനിലൂടെ പല തവണ ഞാൻ ഉന്നയിച്ചിട്ടുണ്ട്, അനുകൂലമായ മറുപടി മന്ത്രിയിൽനിന്ന് ലഭിക്കുകയും ചെയ്തിട്ടുണ്ട്. പക്ഷേ അത് പ്രാവർത്തികമാകാത്തതിന്റെ അടിസ്ഥാനത്തിലാണ് ഈ വിഷയം വീണ്ടും ഇവിടെ ഉന്നയിക്കുന്നത്. വടകര-ബാംഗ്ലൂർ റോഡിലെ പക്രന്തളം-തൊട്ടിൽപ്പാലം-കറ്റ്യാടി-നാദാപുരംവരെ സംസ്ഥാന പാതയും വടകര-മുട്ടുങ്ങൽവരെ എൻ.എച്ച്. 17-മാണ്. എന്നാൽ നാദാപുരം മുതൽ മുട്ടുങ്ങൽവരെ 11 കി.മീ. റോഡ് എം.ഡി.ആർ. ആയി നിലനിൽക്കുകയാണ്. നാദാപുരം മുതൽ മുട്ടുങ്ങൽവരെയുള്ള 11 കി.മീ. റോഡ് നാദാപുരം-കറ്റ്യാടി-വടകര എന്നീ 3 മണ്ഡലങ്ങളിൽ കൂടിയാണ് കടന്നുപോകുന്നത്. ഈ റോഡ് സംസ്ഥാന പാതയാക്കുന്നതോടൊപ്പം അതിനെ ബി.എം.ആന്റ് ബി.സി. റോഡാക്കി മാറ്റണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ഉന്നയിക്കുന്നത്. അതിനാവശ്യമായ വീതി റോഡിന് ഇപ്പോൾ ഉണ്ട്. എങ്കിൽപ്പോലും ഓർക്കാട്ടേരി-പുതിയങ്ങാടി എന്നിവിടങ്ങളിൽ പരമാവധി വീതി ഇനിയും വർദ്ധിപ്പിക്കാൻ അവിടത്തെ വ്യാപാരികൾ തയ്യാറായിട്ടുണ്ട്. മറ്റിതര പ്രധാനപ്പെട്ട കെട്ടിടങ്ങൾ പൊളിച്ചുമാറ്റാനുള്ള സംവിധാനവും അവിടത്തെ ജനങ്ങൾ ഇതുമായി സഹകരിക്കാനുള്ള സന്നദ്ധതയും അറിയിച്ചിട്ടുണ്ട്. അതുകൊണ്ട് ഈ റോഡുകളെ ബി.എം.ആന്റ് ബി.സി. റോഡാക്കി മാറ്റുവാനുള്ള നടപടി സ്വീകരിക്കണം. അതോടൊപ്പം കോഴിക്കോട്-കണ്ണൂർ റോഡിനെ കണ്ണൂർ ജില്ലയുമായി ബന്ധിപ്പിക്കുന്ന തുരുത്തിമുക്ക് പാലമുണ്ട്. ആ പാലത്തിന്റെ പണി ആരംഭിക്കുകയും രണ്ട് പില്ലർ വാർക്കുകയും

LIBRARY ARCHIVES Kerala Legislative Assembly

ചെയ്തതാണ്. അതിനുശേഷം ചില സാങ്കേതിക പ്രശ്നങ്ങളുണ്ടായി തടസ്സപ്പെട്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ഒരു ഉന്നതതലയോഗം ചേരാനുള്ള നടപടി സ്വീകരിച്ചുകൊണ്ട് ആ പാലത്തിന്റെ പണി ആരംഭിക്കാനുള്ള സംവിധാനം ഒരുക്കണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) : സർ, നാദാപുരം മുതൽ മുട്ടുങ്ങൽവരെയുള്ള റോഡ് നിലവിൽ മേജർ ഡിസ്ട്രിക് റോഡാണ്. ഈ റോഡ് സംസ്ഥാനപാതയുടെ നിലവാരത്തിലേയ്ക്ക് ഉയർത്തണമെങ്കിൽ ചിലയിടങ്ങളിൽ സ്ഥലം ഏറ്റെടുക്കേണ്ടതായുണ്ട്. ഇതിനുള്ള പ്രൊപ്പോസൽ ചീഫ് എഞ്ചിനീയർ തയ്യാറാക്കിവരുന്നു. പ്രൊപ്പോസൽ ലഭിക്കുന്നമുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്. എന്നാൽ ഇതേ റോഡ് ബി.എം. ആന്റ് ബി.സി. നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനായി 21 കോടി രൂപയുടെ എസ്റ്റിമേറ്റ് സർക്കാരിന് ലഭിച്ചിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്. തുരുത്തിമുക്ക് പാലം നിർമ്മാണത്തിന് മുമ്പ് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയിട്ടുള്ളതാണ്. എന്നാൽ സ്ഥലം ഏറ്റെടുക്കൽ പൂർത്തിയാക്കാൻ സാധിക്കാത്തതുമൂലം പാലം പണി ആരംഭിക്കാനായില്ല. സ്ഥലം ലഭ്യമാകുന്നമുറയ്ക്ക് പാലത്തിന്റെ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്. ബഹുമാനപ്പെട്ട ഇ. കെ. വിജയൻ സ്ഥലം ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

20. വാടി-മുളക്കട റോഡ്

ശ്രീ. പി. കെ. ഗുരുദാസൻ : സർ, വാടി-മുളക്കട റോഡ് 900 മീറ്റർ ദൂരമുള്ളതാണ്. 115 കുടുംബങ്ങളുടെ വീടും മതിലുമെല്ലാം ഇടിച്ചുപൊളിച്ചാണ് ആ റോഡിന് വീതി കൂട്ടിയിരിക്കുന്നത്. അവസാനം ഒരു കുരിശുടിയും മാറ്റി. അപ്രകാരം വീതി കൂട്ടിയ ആ സ്ഥലം ഏറ്റവും ജനസാന്ദ്രതയുള്ളതാണ്. അതിന്റെ കിഴക്കുവശം മഹാറാണി മാർക്കറ്റാണ്, പടിഞ്ഞാറുവശം കൊല്ലം ജില്ലയിലെ ഏറ്റവും വലിയ ക്രിസ്ത്യൻ ദേവാലയമാണ്, മറുഭാഗത്ത് ഏറ്റവും വലിയ മുസ്ലീം പള്ളിയുമാണ്. ജനസാന്ദ്രതകൂടിയ പ്രസ്തുത സ്ഥലത്തുള്ള ആ റോഡ് പുനർനിർമ്മിക്കേണ്ടത് അത്യാവശ്യമാണ്. ഇന്ന് സ്ത്രീകളും കുട്ടികളും എല്ലാവരുംകൂടി അവിടെയുള്ള എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിൽ സത്യാഗ്രഹം നടത്തിക്കൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി മുൻകയ്യെടുത്ത് പെട്ടെന്ന് തന്നെ അത് നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly